ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

DATE: 27.06.2017 TIME: 06.20 P.M

# പ്രധാന വാർത്തകൾ

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് അഞ്ച് തീരദേശ പൊലീസ് സ്റ്റേഷനുകൾക്ക് തുടക്കം ; മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ തീരദേശ പൊലീസ് സംവിധാനം പ്രയോജനപ്പെടുത്തണമെന്ന് മുഖ്യമന്ത്രി.

2. കാലവർഷം ശക്തമായതോടെ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി. സംസ്ഥാനത്ത് വ്യാഴാഴ്ചവരെ കനത്ത മഴ തുടരും.

3. പകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മൂന്ന് ദിവസം നീളുന്ന ശുചീകരണ യജ്ഞത്തിന് തുടക്കം. സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി കണ്ണൂരിൽ നിർവ്വഹിച്ചു.

4. നഴ്സുമാരുടെ ശമ്പള വർദ്ധന ആദ്യഘട്ട ചർച്ചയിൽ തീരുമാനമായില്ല ; ഗവൺമെന്റ് മേൽനോട്ടത്തിൽ തുടർ ചർച്ചയെന്ന് ലേബർ കമ്മീഷണർ.

5. ചെമ്പനോട് വില്ലേജ് ഓഫീസിൽ കർഷകൻ ആത്മഹത്യ ചെയ്ത സംഭവത്തിൽ കീഴടങ്ങിയ വില്ലേജ് അസിസ്റ്റന്റിനെ ജൂലൈ 11 വരെ റിമാൻഡ് ചെയ്തു.

RNU TVPM

സംസ്ഥാനത്ത് കാലവർഷം ശക്തിപ്രാപിച്ചു. അടുത്ത മൂന്ന് ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു. ഒരു ഇടവേളയ്ക്ക് ശേഷമാണ് സംസ്ഥാനത്ത് കനത്ത മഴ ലഭിക്കുന്നത്. കാലവർഷം ശക്തമായതിനെ തുടർന്ന് ഇടുക്കി, കൊല്ലം, ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ ജില്ലാകളക്ടർമാർ അവധി പ്രഖ്യാപിച്ചു.

ആലപ്പുഴയിൽ നാളെയും മറ്റന്നാളും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കളക്ടർ അവധി പ്രഖ്യാപിച്ചു.

മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ തീരദേശ പോലീസ് സംവിധാനം പ്രയോജനപ്പെടണമെന്ന് മുഖ്യമന്ത്രി പിണറായി

വിജയൻ. സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന അഞ്ച് തീരദേശ പോലീസ് സ്റ്റേഷനുകൾ തലശ്ശേരിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. കുമ്പള, തൃക്കരിപ്പൂർ, അർത്തുങ്കൽ, മുനക്കക്കടവ് എന്നിവിടങ്ങളിലെ പുതുതായി നിർമ്മിച്ച തീരദേശ പോലീസ് സ്റ്റേഷനുകൾ വീഡിയോ കോൺഫറൻസിങ്ങിലൂടെയാണ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തത്.

കടലോരത്തെ ക്രിമിനൽ പ്രവർത്തനങ്ങൾ ഇല്ലാതാക്കാൻ തീരദേശ പൊലീസിന് ഒരു ജനമൈത്രി സംവിധാനം ഉണ്ടാകണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

പൂവാർ, അഞ്ചുതെങ്ങ്, പൊന്നാനി, ഏലത്തൂർ, വടകര സ്റ്റേഷനുകളുടെ നിർമാണം പൂർത്തിയായിട്ടുണ്ടെന്നും ഇവയുടെ പ്രവർത്തനം ഉടൻ ആരംഭിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

കണ്ണൂർ, കാസർകോട് ജില്ലകളെ ഉൾപ്പെടുത്തി ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തിനായി പുതിയ ഡിവിഷൻ ആരംഭിക്കുന്ന കാര്യം സജീവ പരിഗണനയിലാണെ് മുഖ്യമന്ത്രി പിണറായി വിജയൻ. കണ്ണൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെ പുതിയ കെട്ടിടത്തിന്റെയും സ്റ്റാഫ് ക്വാർട്ടേർസിന്റെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. സേനയുടെ ആധുനിക വൽക്കരണത്തിനായി ബജറ്റിൽ 39 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഇടുക്കിയിലെ കാഞ്ചിയാർ പഞ്ചായത്തിൽ കിഴക്കേ മാട്ടുക്കടയ്ക്ക് സമീപം കൃഷിയിടങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടലിൽ രണ്ട് ഏക്കറോളം സ്ഥലത്തെ കൃഷി നശിച്ചു.

സംസ്ഥാനത്ത് കാലവർഷം ശക്തമായ സാഹചര്യത്തിൽ അടിയന്തര മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ടെന്ന് റവന്യൂ മന്ത്രി ഇ.ചന്ദ്രശേഖരൻ ആകാശവാണിയോട് പറഞ്ഞു.

സംസ്ഥാനത്ത് പകർച്ചപ്പനി പടർന്ന് പിടിക്കുന്ന സാഹചര്യത്തിൽ ഗവൺമെന്റിന്റെ നേതൃത്വത്തിൽ മൂന്ന് ദിവസത്തെ ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കമായി. കണ്ണൂരിൽ മുഖ്യമന്ത്രി പിണറായി വിജയൻ ശുചീകരണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. ഓരോ ജില്ലയിലും മന്ത്രിമാർക്കാണ് ശുചീകരണ ദൗത്യത്തിന്റെ ചുമതല.

മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയരുതെന്നും ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ പദ്ധതികളാവിഷ്കരിക്കണമെന്നും മന്ത്രി കെ ടി ജലീൽ പറഞ്ഞു. മലപ്പുറം ജില്ലയിലെ എടപ്പാളിൽ പകർച്ച വ്യാധികൾ പടർന്ന് പിടിച്ചതിനെ തുടർന്ന് ഗവൺമെന്റ് നടപ്പാക്കുന്ന സമഗ്ര രോഗ പ്രതിരോധ ശുചീകരണ പ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകി സംസാരിക്കുകയായിരുന്നു അദ്ദേഹം.

പനിക്കെതിരായ പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന മാലിന്യനിർമാർജന പ്രവർത്തനങ്ങൾ മന്ത്രി കെ. രാജു ഉദ്ഘാടനം ചെയ്തു. വിതുരയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയും രാമച്ചത്തിന്റെ തൈകൾ നട്ടുകൊണ്ടുമാണ് പരിപാടിക്ക് മന്ത്രി തുടക്കം കുറിച്ചത്.

നഴ്സുമാരുടെ ശമ്പള വർദ്ധന ചർച്ച ചെയ്യാൻ തിരുവനന്തപുരത്ത് നടന്ന ആദ്യഘട്ട ചർച്ചയിൽ തീരുമാനമായില്ല. അടിസ്ഥാന ശമ്പളം 20,000 രൂപയാക്കണമെന്ന ആവശ്യത്തിൽ ലേബർ കമ്മീഷൻ വിളിച്ച് ചേർത്ത യോഗത്തിൽ യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ ഉറച്ച് നിന്നു. എന്നാൽ 80 മുതൽ 100 ശതമാനം വരെ ശമ്പള വർദ്ധന താങ്ങാനാവില്ലെന്ന് ആശുപത്രി മാനേജ്മെന്റുകളും നിലപാടെടുത്തു. തുടർന്ന് ചർച്ച പരാജയപ്പെടുകയായിരുന്നു. കൂടുതൽ ചർച്ചകൾ ഗവൺമെന്റ് മേൽനോട്ടത്തിൽ നടക്കട്ടെയെന്ന് ലേബർ കമ്മീഷണറുടെ നിർദ്ദേശം ഇരുപക്ഷവും അംഗീകരിച്ചു. തൊഴിൽ മന്ത്രി ടി.പി.

RNI TVPM

രാമകൃഷ്ണന്റെ അധ്യക്ഷതയിൽ തുടർ യോഗങ്ങൾ ചേരും. മന്ത്രിതല ചർച്ച നടക്കും വരെ പണിമുടക്ക് സമരം ചെയ്യില്ലെന്ന് യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ അറിയിച്ചു. എന്നാൽ നാളെ മുതൽ നിരാഹാര സമരം ആരംഭിക്കുമെന്ന് ഇന്ത്യൻ നഴ്സ് അസോസിയേഷൻ അറിയിച്ചു.

കേന്ദ്ര ഗവൺമെന്റിന്റെ 25 മന്ത്രാലയങ്ങളും വകുപ്പുകളും ഈ മാസം അവസാനത്തോടെ ഇ-ഓഫീസുകളായി മാറുമെന്ന് കേന്ദ്രമന്ത്രി ഡോ. ജിതേന്ദ്ര സിങ്ങ് ന്യൂഡൽഹിയിൽ പറഞ്ഞു. ഇ-ഫയലുകളുടെ എണ്ണം കഴിഞ്ഞ വർഷം 8,000 ആയിരുന്നത് 4 ലക്ഷത്തി 62,000 ആയി വർദ്ധിച്ചതായി അദ്ദേഹം അറിയിച്ചു. കേന്ദ്ര ഭരണ പരിഷ്ക്കരണ, പൊതു പരാതി വകുപ്പിന്റെ ഓഫീസ് പരിസരം സന്ദർശിച്ച് സ്വച്ഛതാ കർമ്മ പരിപാടിയുടെ അവലോകനം നടത്തുകയായിരുന്നു മന്ത്രി.

ചെമ്പനോട വില്ലേജ് ഓഫീസിൽ കർഷകൻ ആത്മഹത്യ ചെയ്ത സംഭവത്തിൽ കീഴടങ്ങിയ കൂരാച്ചുണ്ട് വില്ലേജ് അസിസ്റ്റന്റ് സിലീഷിനെ അടുത്തമാസം 11 വരെ പേരാമ്പ്ര കോടതി റിമാൻഡ് ചെയ്തു. സലീഷിനെ കൊയിലാണ്ടി സബ്ജയിലിലേക്ക് മാറ്റി. ഇന്നലെ രാത്രി പതിനൊന്നോടെ പേരാമ്പ്ര സി ഐക്ക് മുന്നിലാണ് സലീഷ് കീഴടങ്ങിയത്. ഇയാൾക്കെതിരെ ആത്മഹത്യാപ്രേരണാക്കുറ്റത്തിന് നേരത്തെ പൊലീസ് കേസെടുത്തിരുന്നു

വിള ഇൻഷുറൻസ് പദ്ധതി പ്രകാരം സംസ്ഥാന കൃഷി വകുപ്പ് എല്ലാ പ്രധാന കാർഷിക വിളകൾക്കും ചെറിയ പ്രീമിയം തുക ഈടാക്കി ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജൂലൈ ഒന്ന് വിള ഇൻഷുറൻസ് ദിനമായി ആചരിക്കും.

കൊച്ചി മെട്രോയിലെ തെരഞ്ഞെടുക്കപ്പെട്ട സ്റ്റേഷനുകളിൽ പ്ലാസ്റ്റിക് ബോട്ടിൽ റീസൈക്ളിങ് മെഷിനുകൾ സ്ഥാപിക്കും. കൊച്ചി മെട്രോ ഏറ്റെടുത്തിട്ടുള്ള പരിസ്ഥിതി സൗഹൃദ പരിപാടിയുടെ ഭാഗമായിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. ഉപഭോക്താക്കൾക്ക് ഡിസ്ക്കൗണ്ട് കൂപ്പണുകൾ ഇതിന്റെ ഭാഗമായി വിതരണം ചെയ്യും.

മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ സമഗ്രവും സുസ്ഥിരവുമായ വികസനം ലക്ഷ്യമിട്ട് അഞ്ച് വർഷം കൊണ്ട് 621 ലക്ഷം രൂപയുടെ വിവിധ പദ്ധതികൾ വനംവകുപ്പ് നടപ്പാക്കുമെന്ന് മന്ത്രി കെ. രാജു.

RNUTVPM

മാങ്കുളം നേച്ചർ അപ്രിസിയേഷൻ സെന്റർ ഇക്കോ ടൂറിസം പദ്ധതികളുടെയും സൗജന്യ ഗ്യാസ് കണക്ഷൻ വിതരണത്തിന്റെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

സ്വാശ്രയ മെഡിക്കൽ ഫീസ് വർദ്ധനവ് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. വി.എസ്.അച്യുതാനന്ദൻ ആരോഗ്യ മന്ത്രിയ്ക്ക് കത്തു നൽകി.

ആലുവയിൽ നടത്തിയ ജനസമ്പർക്ക പരിപാടി പരിഹാരം- 2017 ൽ ഇന്ന് 419 പരാതികൾ പരിഗണിച്ചു.
നേരത്തെ ലഭിച്ച 232 പരാതികളിൽ 133 പരാതികളിൽ തീർപ്പ് കൽപ്പിച്ചു. ബാക്കിയുള്ള പരാതികൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറി.

RNU TVPM